"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറായിരുന്ന ശ്രീ.കെ.സി. ഗോപി.യ്ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.**2537/2026/GEDN** തീയതി,തിരുവനന്തപുരം, **06-04-2026**

---

പരാമർശം:-

1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ **09/03/2015**-ലെ വി**1/61806/2014**/ഡിപിഐ നമ്പർ കത്ത്.
2. ശ്രീ.കെ.സി. ഗോപിയ്ക്ക് സർക്കാർ നല്കിയ **15/12/2022** ലെ പൊ.വി.വ-സി**3/136/2017**/പൊ.വി.വ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
3. ശ്രീ.കെ.സി. ഗോപി സർക്കാരിൽ സമർപ്പിച്ച **19/01/2023**-ലെ പ്രതിവാദ പത്രിക
4. സ.ഉ.(സാധാ)നം.**5963/2023**/പൊ.വി.വ. തീയതി **09/10/2023**
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ **09/04/2024**-ലെ വി.ബി2/ **830036/2022**/ഡി.ജി.ഇ നമ്പർ അന്വേഷണ റിപ്പോർട്ട്
6. ശ്രീ.കെ.സി. ഗോപിയ്ക്ക് സർക്കാർ നല്കിയ **17/10/2024**-ലെ പൊ.വി.-ഡിഎ**1/9/2022**-പൊ.വി.വ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
7. ശ്രീ.കെ.സി. ഗോപി സർക്കാരിൽ സമർപ്പിച്ച **26/11/2024**-ലെ പ്രതിവാദ പത്രിക

**<u>ഉത്തരവ്</u>**

മൂന്നിയൂർ ഹയർ സെക്കന്ററി സ്കൂളിൽ **05/02/2013** ന് നടന്ന അടിപിടി സംഭവത്തെ തുടർന്ന് ടി സ്കൂളിലെ അദ്ധ്യാപകനായിരുന്ന ശ്രീ.അനീഷ്.കെ.കെ.-യ്ക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിരുന്നു. തുടർന്ന് കെ.ഇ.ആർ ചാപ്റ്റർ **14A** റൂൾ **65(5)(vi)** പ്രകാരം മുൻകൂർ അനുമതി നേടി **13/06/2014** ന് ടിയാനെ സർവീസിൽ നിന്നും നീക്കം ചെയ്തു. പിന്നീട് ടി അദ്ധ്യാപകൻ ആത്മഹത്യ ചെയ്യുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട സാഹചര്യങ്ങൾ പരിശോധിക്കാൻ **18/11/2014** ന് നടത്തിയ അന്വേഷണത്തിൽ

അന്നത്തെ ഹെഡ്മിസ്ട്രസ്, സ്കൂൾ മാനേജർ, ഡെപ്യൂട്ടി ഡയറക്ടർ എന്നിവർക്ക് വീഴ്ച ഉണ്ടായതായി കണ്ടെത്തിയിരുന്നു. ഹെഡ്മിസ്ട്രസ്, മാനേജർ എന്നിവർക്കെതിരെ പൊതു വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുകയും അന്നത്തെ ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീ. കെ.സി. ഗോപി സർവ്വീസിൽ നിന്നും വിരമിച്ചിരിക്കുന്നതിനാൽ അദ്ദേഹത്തിനെതിരെ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുവാൻ പരാമർശം (1) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ശിപാർശ ചെയ്യുകയും ചെയ്തു.

2)പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തുകയും ഒരദ്ധ്യാപകന്റെ മരണത്തിന് തന്നെ ഇടയാക്കുകയും ചെയ്ത മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ ആയിരുന്ന ശ്രീ.കെ.സി.ഗോപിക്ക് എതിരെ **KSR Part III Rule 59(d)** പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആയതിന് സമർപ്പിച്ച പരാമർശം (3) പ്രകാരമുള്ള പ്രതിവാദ പത്രികയിലെ വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ ടി വിഷയത്തിൽ ടിയാനെതിരെയുള്ള അച്ചടക്കനടപടി തുടരുന്നതിന്റെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിനായി പരാമർശം (4) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ എ.ഡി.പി.ഐ (വിജിലൻസ്) നെ ചുമതലപ്പെടുത്തിയിരുന്നു.

3)മൂന്നിയൂർ ഹയർ സെക്കന്ററി സ്കൂളിലെ അദ്ധ്യാപകനായിരുന്ന ശ്രീ.അനീഷ്.കെ.കെ.യ്ക്ക് ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീ. കെ.സി. ഗോപി നൽകിയ ശിക്ഷ, കുറ്റത്തിന് ആനുപാതികമല്ലാത്തതായിരിക്കാം എങ്കിലും, ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ഉത്തരവിനെതിരെ അപ്പീൽ നൽകുന്നതിനുള്ള നിയമപരമായ അവസരം ഉണ്ടായിരിക്കെ ശ്രീ. അനീഷ് കെ.കെ. അത് വിനിയോഗിച്ചിരുന്നില്ല എന്ന് മേൽ ഔപചാരിക അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. കൂടാതെ, ഡെപ്യൂട്ടി ഡയറക്ടർ എന്ന നിലയിൽ ഒരു **Administrative Authority** ആയി എടുത്ത **quasi-judicial** നടപടിയിൽ, ശിക്ഷ കുറ്റത്തിന് ആനുപാതികമല്ലായിരുന്നാലും, അത്തരം സാഹചര്യത്തിൽ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കാമോ എന്നത് ഒരു പ്രധാന നിയമപരമായ വിഷയമാണെന്നും, പ്രത്യേകിച്ച് അപ്പീൽ നൽകുന്നതിനുള്ള അവസരം ഉണ്ടായിരിക്കെ അതിനെ വിനിയോഗിച്ചിട്ടില്ലെന്ന കാര്യവും പരിഗണനയ്ക്ക് വിധേയമാണെന്നും പരാമർശം (5) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരുന്നു.

4)സമാന വിഷയങ്ങളിലുള്ള വിവിധ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ മാനേജരുടെ നടപടിക്ക് ചട്ടം 74 പ്രകാരം മുൻകൂർ അനുമതി നൽകുമ്പോൾ പാലിക്കേണ്ട നിയമപരമായ വ്യവസ്ഥകൾ ഒന്നും തന്നെ ശ്രീ.കെ.സി.ഗോപി പാലിച്ചിട്ടുള്ളതായി കാണുന്നില്ല എന്നും ഇക്കാര്യത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർ ആയിരുന്ന ശ്രീ.

കെ.സി.ഗോപിയുടെ ഭാഗത്തു നിന്നും ഔദ്യോഗിക കൃത്യനിർവഹണത്തിൽ ഗുരുതരമായ വീഴ്ച വന്നിട്ടുണ്ടെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ **KSR Part III Rule 59(d)** പ്രകാരം അച്ചടക്കനടപടികൾ തുടരാൻ തീരുമാനിക്കുകയുണ്ടായി. ടി വകപ്പുതല അച്ചടക്ക നടപടിയുടെ ഭാഗമായി ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും **500** വീതം സ്ഥിരമായി കുറവ് ചെയ്യാൻ താല്കാലികമായി തീരുമാനം എടുത്ത് പരാമർശം **(6)** പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ടി കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ സമർപ്പിച്ച പരാമർശം **(7)** പ്രകാരമുള്ള പ്രതിവാദ പത്രിക പ്രകാരം സർവീസിലിരിക്കെ ഔദ്യോഗിക കൃത്യനിർവഹണത്തിന്റെ ഭാഗമായി നിയമാനുസൃതമായും ഉത്തമബോധ്യത്തോടും സത്യസന്ധമായും എടുത്ത ഒരു തീരുമാനത്തിന്റെ പേരിൽ പെൻഷൻ പറ്റി **10** വർഷത്തിന് ശേഷം അച്ചടക്ക നടപടിയെടുക്കുന്നത് സാമാന്യ നീതിക്ക് നിരക്കാത്തതാണെന്നതിനാൽ പെൻഷൻ ഏക ഉപജീവനമാർഗ്ഗമാണെന്ന പരിഗണനയിൽ തന്റെ പ്രതിമാസ പെൻഷനിൽ നിന്നും **500/-**രൂപ സ്ഥിരമായി കുറവുചെയ്യാനുള്ള തീരുമാനം പുനഃപരിശോധിച്ച് ഒഴിവാക്കിത്തരണെമെന്ന് ടിയാൻ സർക്കാരിൽ അപേക്ഷിക്കുകയുണ്ടായി.

5)ശ്രീ.കെ.സി.ഗോപിക്കെതിരെയുള്ള അച്ചടക്ക നടപടി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി ടിയാനെ പൊതു വിദ്യാഭ്യാസ (ഡി.എ) വകുപ്പ് അണ്ടർ സെക്രട്ടറി **21/01/2025**-ന് നേരിൽ കേൾക്കുകയുണ്ടായി. പൊതു വിദ്യഭ്യാസ ഡയറക്ടറുടെ പ്രതിനിധിയും ടി ഹിയറിംഗിൽ പങ്കെടുക്കുകയുണ്ടായി.നേരിൽ കേൾക്കുന്ന വേളയിൽ ടിയാൻ താഴെപ്പറയുന്ന വാദഗതികൾ ഉന്നയിക്കുകയുണ്ടായി

**i)** തിരൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന മുന്നിയൂർ ഹയർ സെക്കന്ററി സ്കൂളിലെ അദ്ധ്യാപകനായിരുന്ന കെ.കെ. അനീഷ്, എഫ്.ടി.എം ആയ മുഹമ്മദ് അഷ്റഫ് എന്നിവർ തമ്മിൽ സംഘർഷം ഉണ്ടാകുകയും കെ.കെ.അനീഷ്, മുഹമ്മദ് അഷ്റഫിന്റെ മുഖത്തടിക്കുകയും ഒടിഞ്ഞ ബഞ്ചിന്റെ കാലുകൊണ്ട് തലയ്ക്കും നെഞ്ചിനും അടിക്കുകയും ചെയ്തുവെന്ന പരാതി ഉണ്ടായതിനെ തുടർന്ന് **28/02/2013**-ന് കെ.കെ. അനീഷിനെ മാനേജർ വേലവിലക്കി. **15/03/2013** ന് തിരൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രാഥമിക അന്വേഷണം നടത്തുകയും സസ്പെൻഷൻ കാലയളവ് **15** ദിവസത്തിൽ കൂടുതൽ നീട്ടുന്നതിന് മാനേജർക്ക് അനുമതി നൽകുകയും ചെയ്തു **14/08/2013**-ന് കെ.കെ അനീഷ് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ നൽകിയെങ്കിലും അന്വേഷണം പ്രാരംഭ ഘട്ടത്തിലാണ് എന്ന് ചൂണ്ടിക്കാട്ടി അപ്പീൽ നിരസിക്കുകയുണ്ടായി.

**ii)** **16/08/2013** ന് ടി വിഷയത്തിൽ തിരൂർ ജില്ലാ വിദ്യഭ്യാസ ഓഫീസർ ഔപചാരിക അന്വേഷണ വിചാരണ നടത്തി, അദ്ധ്യാപകനെതിരെ അച്ചടക്ക

നടപടി സ്വീകരിക്കുന്നതിന് മാനേജർക്ക് അനുമതി നൽകി. സസ്പെൻഷൻ 6 മാസം പൂർത്തീകരിച്ചതിനാൽ മാനേജരുടെ അപേക്ഷ പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർ സസ്പെൻഷൻ റിവ്യൂ ചെയ്യുകയും സസ്പെൻഷൻ നീട്ടുന്നതിന് അനുമതി നൽകി 10/10/2013 ന് ഉത്തരവ് നൽകി. അദ്ധ്യാപകനെ സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നതിന് മുൻകൂർ അനുമതി തേടി മാനേജർ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ, വിദ്യാഭ്യാസ ഉപഡയറക്ടർ 15/05/2014 ന് വിശദമായ ഹിയറിംഗ് നടത്തുകയും 30/05/2014 ന് അദ്ധ്യാപകനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാൻ മാനേജർക്ക് വിദ്യാഭ്യാസ ഉപഡയറക്ടർ അനുമതി നൽകുകയും ചെയ്തു. 31/05/2014 ന് താൻ സേവനത്തിൽ നിന്നും വിരമിച്ചു. 13/06/2014 ന് അദ്ധ്യാപകനെ സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് മാനേജർ ഉത്തരവായി. 02/09/2014 ന് അദ്ധ്യാപകൻ ആത്മഹത്യ ചെയ്തു.

iii) കെ.ഇ.ആർ അധ്യായം 13 റൂൾ 5 പ്രകാരം ഒരു വ്യക്തി അധ്യാപകന് ഒട്ടും അനുയോജ്യമല്ലാത്ത വിധം തന്റെ വിദ്യാർത്ഥികളോടോ അവരുടെ മാതാപിതാക്കളോടോ ഹെഡ്മാസ്റ്ററോടോ മാനേജരോടോ ഏതെങ്കിലും വിദ്യാഭ്യാസ ഓഫീസറോടോ മറ്റാരോടെങ്കിലുമോ പെരുമാറിയാൽ ടിയാന് അധ്യാപകനായി തുടരുവാൻ അവകാശമുണ്ടായിരിക്കില്ല. കെ.കെ. അനീഷ് തന്റെ സഹ പ്രവർത്തകനോട് മോശമായി പെരുമാറുകയും ശാരീരികമായി കയ്യേറ്റം ചെയ്തതായും ജില്ലാ വിദ്യാഭ്യാസ ഓഫീസർ കണ്ടെത്തി. അങ്ങനെ അധ്യാപകനായി ജോലി ചെയ്യുന്നതിനുള്ള അർഹത സ്വയം നഷ്ടപ്പെടുത്തി. ഈ സാഹചര്യങ്ങൾ എല്ലാം പരിശോധിച്ചാണ് സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ അനുമതി നൽകിയത്. ആയത് കെ.ഇ.ആർ അധ്യായം 14 എ റൂൾ 65(5) അനുസരിച്ച് അനുവദനീയമാണ്. താൻ നിയമാനുസൃത നടപടി സ്വീകരിക്കുക മാത്രമാണ് ചെയ്തത്.തന്റെ ഭാഗത്തു നിന്നും യാതൊരു വീഴ്ചയും സംഭവിച്ചിട്ടില്ല.

iv) അധ്യാപകന്റെ ആത്മഹത്യയിലേക്ക് നയിച്ച സാഹചര്യത്തെക്കുറിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ പ്രോജക്ട് ഓഫീസറുടെ നേതൃത്വത്തിൽ അന്വേഷണം നടത്തിയതിൽ അദ്ധ്യാപകനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാൻ ഉത്തരവ് നൽകിയ വിദ്യാഭ്യാസ ഉപഡയറക്ടറുടെ പ്രവൃത്തി നീതിയുക്തമായിരുന്നില്ലായെന്നും സ്വതന്ത്ര മനസ്സോടുകൂടി തീരുമാനം എടുത്തില്ല എന്നും നിഷ്പക്ഷത പുലർത്തിയില്ല എന്നും വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ചയും കൃത്യവിലോപവും ഉണ്ടായതായി കണ്ടെത്തി. പ്രസ്തുത കണ്ടെത്തൽ തികച്ചും അടിസ്ഥാന രഹിതമാണ്.

v) സ്കൂളിൽ നടന്ന അടിപിടി കേസ് നിസാര പ്രശ്നമായിരുന്നെങ്കിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പ്രാഥമിക അന്വേഷണ ഘട്ടത്തിൽ തന്നെ സസ്പെൻഷൻ റദ്ദ് ചെയ്ത് അധ്യാപകനെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കാൻ ഉത്തരവ് നൽകാമായിരുന്നു (കെ.ഇ.ആർ അധ്യായം 14 എ റൂൾ 67(8) പ്രകാരം). എന്നാൽ പ്രാഥമിക അന്വേഷണത്തിലും വിശദമായ

അന്വേഷണത്തിലും അധ്യാപകന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച ഉണ്ടായതായി കണ്ടെത്തിയതുകൊണ്ടാണ് അധ്യാപകനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ മാനേജർക്ക് അനുമതി നൽകിയത്.അടിപിടി കേസിൽ ടിയാനെതിരെ മാത്രമാണ് കുറ്റം കണ്ടെത്തിയത്. മറ്റുള്ളവർ മാനേജർക്ക് വിശദീകരണം നൽകി ശിക്ഷാ നടപടികളിൽ നിന്നും ഒഴിവായിരുന്നു. ഒത്തു തീർപ്പിന് അനീഷ് ശ്രമിച്ചില്ല.

vi) സ്വതന്ത്ര മനസ്സോടുകൂടി നിഷ്പക്ഷ നിലപാടാണ് എടുത്തിട്ടുള്ളത്. ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ നിയമാനുസൃതമായി എടുത്ത നടപടി മാത്രമാണിത്. താൻ സർവ്വീസിൽ നിന്നും വിരമിച്ചതിന് 3 മാസത്തിനു ശേഷമാണ് അധ്യാപകൻ ആത്മഹത്യ ചെയ്തത്. ആയതിനാൽ തനിക്കെതിരെ നടപടി സ്വീകരിച്ചത് തെറ്റായ നടപടിയാണ്. തന്റെ പേരിൽ ആത്മഹത്യ പ്രേരണ കുറ്റത്തിന് ഉണ്ടായിരുന്ന കേസ് കോടതി റദ്ദാക്കിയിട്ടുണ്ട്. അനീഷ് പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു നൽകിയ അപ്പീൽ 8 മാസത്തിനു ശേഷമാണ് പരിഗണിച്ചത്.

vii) ഔദ്യാഗിക കൃത്യ നിർവ്വഹണത്തിന്റെ ഭാഗമായി എടുത്ത തീരുമാനത്തിൽ ശിക്ഷിക്കരുത്. പെൻഷൻപറ്റി 10 വർഷത്തിനുശേഷം അച്ചടക്ക നടപടി സ്വീകരിച്ച് പെൻഷനിൽ നിന്നും 500 രൂപ വീതം കുറവ് ചെയ്യുന്നതിന് തനിക്കെതിരെ നടപടി സ്വീകരിക്കുന്നത് നീതിയുക്തവും നിയമാനുസൃതവുമല്ല. ആയതിനാൽ അച്ചടക്ക നടപടി അവസാനിപ്പിച്ച് തീർപ്പാക്കണം.

6)ഹിയറിംഗിൽ പങ്കെടുത്ത പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്രതിനിധി താഴെ പറയും പ്രകാരം അറിയിച്ചു.

i)അദ്ധ്യാപകനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് മാനേജർക്ക് അനുമതി നൽകിയ തന്റെ നടപടിയെ ന്യായീകരിക്കുന്നതിന് ശ്രീ.കെ.സി.ഗോപി ഉന്നയിച്ച വാദങ്ങളിൽ പ്രധാനമായത് താൻ കെ.ഇ.ആർ വ്യവസ്ഥപ്രകാരമുള്ള നടപടിയാണ് സ്വീകരിച്ചത് എന്നതാണ്.
കെ.ഇ.ആർ അധ്യായം XIII ലെ വ്യവസ്ഥ (v) ഇപ്രകാരമാണ്.

**'Any person employed as a teacher in a school shall not be eligible to continue as a teacher if he;**

**v. behaves towards his pupils, their parents, the Headmaster, the Manager or any Educational Officer or towards anybody in any manner grossly unbecoming of a teacher.**

ii)മേൽ വ്യവസ്ഥ പ്രകാരം, അദ്ധ്യാപകൻ തന്റെ പദവിക്ക് യോജിക്കാത്തതോ/അനുചിതമായ രീതിയിലോ ആരോടെങ്കിലും പെരുമാറുന്ന പക്ഷം ടിയാൾക്ക് അദ്ധ്യാപക പദവിയിൽ തുടരുവാൻ അർഹത ഉണ്ടായിരിക്കുകയില്ല.എന്നാൽ സ്കൂൾ ജീവനക്കാർ തമ്മിൽ ഉണ്ടാകുന്ന

വാക്കേറ്റവും, തുടർന്നുണ്ടാകുന്ന കൈയ്യേറ്റവും സാധാരണ ഗതിയിൽ ജീവനക്കാരന്റെ പിരിച്ചുവിടലിൽ/നീക്കം ചെയ്യലിൽ എത്തിയിട്ടില്ല. അനീഷിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ച **"grossly unbecoming of a teacher"** ആയി കണക്കാക്കാനാവില്ല. മാത്രവുമല്ല ഈ നടപടിയിൽ എഫ്.ടി.എം ആയ ജീവനക്കാരനെതിരെ യാതൊരു അച്ചടക്ക നടപടിയും ഉണ്ടായിട്ടില്ല. സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനു പകരം മറ്റേതെങ്കിലും കഠിന ശിക്ഷ നൽകാമായിരുന്നു. ആയതിനാൽ തന്നെ സ്വീകരിച്ച ശിക്ഷണ നടപടി കുറ്റത്തിന് ആനുപാതികമല്ല എന്ന ചാർജ് നിലനിൽക്കുന്നതാണ്.

iii)അദ്ധ്യാപകന് നൽകിയ ശിക്ഷ, ടിയാന്റെ അച്ചടക്ക ലംഘനത്തിന് ആനുപാതികമായിരുന്നില്ല എന്നിരിക്കിലും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിയ്ക്കെതിരെ അപ്പീൽ നൽകുന്നതിന് അദ്ധ്യാപകന് അവസരം ഉണ്ടായിരുന്നുവെങ്കിലും ടിയാൾ അത് പ്രയോജനപ്പെടുത്തിയില്ല. ശിക്ഷണ നടപടി അംഗീകരിച്ചു നൽകി ഏതാണ്ട് മൂന്നുമാസങ്ങൾക്കു ശേഷമാണ് അദ്ധ്യാപകൻ ആത്മഹത്യ ചെയ്യുന്നത്.ആത്മഹത്യാ പ്രേരണാകുറ്റം ശ്രീ.കെ.സി ഗോപിയ്ക്കെതിരെ നിലനിൽക്കുന്നതല്ല എന്ന് **B.ANo.2817/15** ലെ **05/06/2015** തീയതിയിലെ ജാമ്യം അനുവദിച്ച ഉത്തരവിൽ ബഹു.ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

iv)ശ്രീ.കെ.സി.ഗോപി **31/05/2014** ന് സർവ്വീസിൽനിന്നും വിരമിച്ചു. ശ്രീ.കെ.സി.ഗോപി, വിദ്യാഭ്യാസ ഉപഡയറക്ടർ എന്ന തന്റെ പദവിയിലെ **administrative authority** വിനിയോഗിച്ച് എടുത്ത ഒരു **quasi-judicial** നടപടിയിൽ, കുറ്റത്തിന് ആനുപാതികമല്ലാത്ത ശിക്ഷയാണ് നൽകിയതെങ്കിൽപ്പോലും, പ്രസ്തുത ഉദ്യോഗസ്ഥനെതിരെ അക്കാരണത്താൽ അച്ചടക്ക നടപടി സ്വീകരിക്കാമോ എന്ന നിയമപരമായ ഒരു ചോദ്യം (പ്രത്യേകിച്ചും അപ്പീൽ നൽകുവാൻ കുറ്റാരോപിതന് അവസരം ഉണ്ടായിരുന്നിരിക്കെ) വിഷയത്തിൽ ഉൾപ്പെട്ടിട്ടുള്ളതായി അന്വേഷണോദ്യോഗസ്ഥൻ തന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നു. ആയതിനാൽ ശ്രീ.കെ.സി.ഗോപിയ്ക്കെതിരായ അച്ചടക്ക നടപടിയിൽ ടി വിഷയം കൂടി പരിഗണിക്കണമെന്ന് അന്വേഷണ റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു.

7) കാരണം കാണിക്കൽ നോട്ടീസ്, പ്രതിവാദ പത്രിക ,ഔപചാരിക അന്വേഷണ റിപ്പോർട്ട്, ഹിയറിംഗ് വേളയിലെ ശ്രീ.കെ.സി.ഗോപിയുടെ വാദങ്ങൾ, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ അഭിപ്രായം ബന്ധപ്പെട്ട മറ്റ് രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഈ വിഷയം പരിശോധിച്ചു.

8)അദ്ധ്യാപകനായിരുന്ന കെ.കെ. അനീഷ്, എഫ്.ടി.എം ആയ മുഹമ്മദ് അഷ്റഫ് എന്നിവർ തമ്മിൽ സംഘർഷവും കയ്യാങ്കളിയും ഉണ്ടായതിനെ തുടർന്നാണ് മാനേജർ അച്ചടക്ക നടപടി സ്വീകരിച്ചത്. അദ്ധ്യാപകൻ തന്റെ പദവിക്കു യോജിക്കാത്തതോ/അനുചിതമായ രീതിയിലോ ആരോടെങ്കിലും

പെരുമാറുന്ന പക്ഷം ടിയാൾക്ക് അദ്ധ്യാപക പദവിയിൽ തുടരുവാൻ അർഹതയില്ല ഉണ്ടായിരിക്കുകയില്ല. എന്നാൽ സ്കൂൾ ജീവനക്കാർ തമ്മിൽ ഉണ്ടാകുന്ന വാക്കേറ്റവും, കയ്യേറ്റവും സാധാരണ ഗതിയിൽ ജീവനക്കാരന്റെ പിരിച്ചുവിടലിൽ/നീക്കം ചെയ്യലിൽ എത്താറില്ല. അനീഷിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ച "grossly unbecoming of a teacher" ആയി കണക്കാക്കാനാവില്ല. മാത്രവുമല്ല ഈ നടപടിയിൽ എഫ്.ടി.എം ആയ ജീവനക്കാരനെതിരെ യാതൊരു അച്ചടക്ക നടപടിയും ഉണ്ടായിട്ടില്ല.

9)ജില്ലാ വിദ്യാഭ്യാസ ഓഫീസർ നടത്തിയ അന്വേഷണത്തിൽ അടിപിടി കേസിൽ അനീഷിനെതിരെ മാത്രമാണ് കുറ്റം കണ്ടെത്തിയത്.മറ്റുള്ളവർ മാനേജർക്ക് വിശദീകരണം നൽകി ശിക്ഷാ നടപടികളിൽ നിന്നും ഒഴിവായിരുന്നു. ഒത്തു തീർപ്പിന് അനീഷ് ശ്രമിച്ചില്ല. പ്രസ്തുത അന്വേഷണ വിചാരണയും സ്വതന്ത്രവും നിഷ്പക്ഷവുമാണെന്നു കരുതാൻ സാധിക്കില്ല.

10)മാനേജർ അദ്ധ്യാപകന് നൽകിയ ശിക്ഷ കുറ്റത്തിന്റെ ഗൗരവത്തിന് ആനുപാതികമായിരുന്നില്ല. മാനേജരുടെ നടപടിയിലെ അപാകത ചൂണ്ടിക്കാണിച്ച് തിരുത്തേണ്ടത് competent authority ആയ ഡി.ഡി.ഇ-യുടെ ചുമതലയായിരുന്നു. എന്നാൽ ഇക്കാര്യത്തിൽ സ്വതന്ത്രമായും നിഷ്പക്ഷമായും പ്രവർത്തിക്കാതിരുന്ന ഡി.ഡി.ഇ-യുടെ നടപടി ഉചിതമല്ലായിരുന്നു. സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനു പകരം മറ്റേതെങ്കിലും കഠിന ശിക്ഷ നൽകാമായിരുന്നു.

11)എന്നാൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിയ്ക്കെതിരെ അപ്പീൽ നൽകുന്നതിന് അദ്ധ്യാപകന് അവസരം ഉണ്ടായിരുന്നുവെങ്കിലും ടിയാൾ അത് പ്രയോജനപ്പെടുത്തിയില്ല. കൂടാതെ ശിക്ഷണ നടപടി അംഗീകരിച്ചു നൽകി ഏതാണ്ട് മൂന്നുമാസങ്ങൾക്കു ശേഷമാണ് അദ്ധ്യാപകൻ ആത്മഹത്യ ചെയ്യുന്നത് എന്നതിനാൽ ആത്മഹത്യാ പ്രേരണാകുറ്റം ശ്രീ.കെ.സി ഗോപിയ്ക്കെതിരെ നിലനിൽക്കുന്നതല്ല.

12)പെൻഷൻപറ്റി 10 വർഷത്തിനുശേഷം പ്രതിമാസ പെൻഷനിൽ നിന്ന് 500 രൂപ വീതം സ്ഥിരമായി കുറവുചെയ്യുന്നത് കഠിന ശിക്ഷയാണെന്നു കാണുന്ന സാഹചര്യത്തിൽ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന്റെ ഭാഗമായി ഉത്തമ വിശ്വാസത്തിൽ കൈക്കൊണ്ട നടപടി എന്ന നിലയിൽ മാനുഷിക പരിഗണന നൽകി ശിക്ഷയിൽ ഇളവനുവദിക്കാവുന്നതാണെന്നു കാണുകയുണ്ടായി.

13) മേൽ സാഹചര്യത്തിൽ, മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറായിരുന്ന (31/05/2014-ന് സേവനത്തിൽ നിന്നും വിരമിച്ചു) ശ്രീ.കെസി.ഗോപിയ്ക്കെതിരെ കെ.എസ്.ആർ ഭാഗം III ചട്ടം 59(d) ആരംഭിച്ച അച്ചടക്ക നടപടിയുടെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500 രൂപ സ്ഥിരമായി

കുറവു ചെയ്യുന്നതിനെടുത്ത താത്കാലിക തീരുമാനത്തിൽ ഇളവ് വരുത്തി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും **200** രൂപ വീതം സ്ഥിരമായി കുറവു ചെയ്യുവാൻ തീരുമാനിച്ച് ടിയാനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. കെ.സി.ഗോപി വിദ്യാഭ്യാസ ഉപഡയറക്ടർ (റിട്ട.) (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
വിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം,തിരുവനന്തപുരം
ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ്(വെബ് &ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ (ഫയൽ നം.ഡിഎ**1/9/2022**/പൊവിവ.)

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date: 08-04-2026 18:01:30
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ.യ്ക്ക്